Ref: 2967/K-5/KCBC/OL/DS 21.7.2016

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2016
# ആഗസ്റ്റ് 21, ഞായർ
### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യ വൈദികരേ, പ്രിയ സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഫ്രാൻസിസ് പാപ്പ 'കരുണയുടെ മുഖം' എന്ന പ്രബോധനത്തിൽ കരുണയുടെ ജൂബിലി ആഘോഷിക്കേണ്ടത് എപ്രകാരമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ആധുനികസമൂഹം അരികുകളിലേക്ക് വലിച്ചെറിഞ്ഞ നമ്മുടെ സഹോദരങ്ങളെ കരുണയുടെ കണ്ണുകളിലൂടെ നോക്കിക്കാണാം. ആഴമായ മുറിവുകളും ദുസ്സഹമായ വേദനകളും തികഞ്ഞ അവഗണനകളും അനിശ്ചിതത്വങ്ങളും നിറഞ്ഞ അവരുടെ ജീവിതങ്ങളിലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാം. കരുണയുടെ തൈലം പുരട്ടി അവരുടെ മുറിവുകൾ വച്ചുകെട്ടുകയും അവരോടുള്ള ഐക്യദാർഢ്യവും കരുതലും പ്രകടമാക്കിക്കൊണ്ട് നമ്മുടെ സാന്നിദ്ധ്യവും സ്നേഹസാഹോദര്യവും അവർക്ക് പകർന്നു നല്കാം. മനുഷ്യ മഹത്വവും തുല്യപരിഗണനയും അന്യായമായി നിഷേധിക്കപ്പെട്ടിരിക്കുന്ന അവരോടൊപ്പം നിന്നുകൊണ്ട് അവരുടെ സഹനങ്ങളിൽ നമുക്ക് സാന്ത്വനമാകാം. അവരുടെ നിലവിളികൾ നമ്മുടേതാകട്ടെ. അവർക്കെതിരെ ഉയരുന്ന നിസ്സംഗതയുടെയും വിവേചനത്തിന്റെയും കാപട്യത്തിന്റെയും വൻമതിലുകൾ നമുക്കൊരുമിച്ചുനിന്ന് തച്ചുടയ്ക്കാം. (ഖണ്ഡിക 15) ഭാരതത്തെ സംബന്ധിച്ചിടത്തോളം മാർപാപ്പ നമുക്ക് കാണിച്ചുതരുന്നതും നമ്മുടെ പരിഗണന ഏറ്റവും കൂടുതൽ അർഹിക്കുന്നതും ദലിത് ക്രൈസ്തവരാണ്.

നമ്മുടെ മാതൃരാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 69 വർഷം തികയുകയാണ്. എന്നാൽ ദലിത് ക്രൈസ്തവർ പിറന്ന നാട്ടിൽ ഇന്നും നീതിക്കുവേണ്ടി കേഴുകയാണ്. മതേതര ജനാധിപത്യരാജ്യമായ ഭാരതത്തിൽ ഒരു പൗരന് ഏതു മതവും സ്വീകരിക്കുവാനുള്ള അവകാശമുണ്ട്. മതത്തിന്റെ പേരിൽ പൗരാവകാശങ്ങളോ ആനുകൂല്യങ്ങളോ നിഷേധിക്കുവാൻ പാടുള്ളതല്ല. ദാദാ സാഹിബ് അംബേദ്കർ നേതൃത്വം നല്കി തയ്യാറാക്കിയ ഭാരതത്തിന്റെ ഭരണഘടന എല്ലാവിഭാഗം പട്ടികജാതിക്കാർക്കും അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപുരോഗതികൾക്കായി തുല്യസംവരണം ഉറപ്പാക്കുന്ന ഒന്നായിരുന്നു. എന്നാൽ 1950-ൽ ഒരു പ്രസിഡൻഷ്യൽ ഓർഡറിലൂടെ ഹിന്ദുക്കളല്ലാത്ത പട്ടികജാതിക്കാർക്ക് ലഭിക്കുമായിരുന്ന സംവരണാനുകൂല്യങ്ങൾ നിഷേധിച്ചു. 1956-ൽ സിക്കുമതക്കാർക്കും 1990 -ൽ ബുദ്ധമതക്കാർക്കും സംവരണം പുനഃസ്ഥാപിച്ചു നല്കി. ഇന്നും ക്രിസ്തുമതസ്ഥരും ഇസ്ലാം മതസ്ഥരുമായ ദലിതർ ഈ വിവേചനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

സംവരണ നിഷേധം ദലിത് ക്രൈസ്തവർക്ക് ഇരട്ടപ്രഹരമാണ് ഏല്പിക്കുന്നത്. വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും വളരാനും ഉന്നതിപ്രാപിക്കാനുമുള്ള വാതിൽ അടക്കപ്പെടുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യം നിഷേധിക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സാമൂഹ്യക്ഷേമ പദ്ധതികളിലെ ജനറൽ കാറ്റഗറി വിഭാഗത്തിൽപോലും അവർക്കവസരം ലഭിക്കാതെ പോകുന്നു.

സമീപകാലത്തായി കേരളത്തിലും ഭാരതത്തിലെമ്പാടും ദലിതർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ആശങ്കയുണർത്തുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും കലാസാംസ്കാരികരംഗങ്ങളിലും കടന്നുകയറുന്ന ദലിത് വിരുദ്ധശക്തികളെ കർശനമായി നിയന്ത്രിച്ച് ദലിതരുടെ തനിമ നിലനിർത്താൻ സഹായിക്കേണ്ടതാണ്. ഭക്ഷണത്തിന്റെ പേരിലും ആചാരനുഷ്ഠാനങ്ങളുടെ പേരിലും ദലിതരും മതന്യൂനപക്ഷങ്ങളും വേട്ടയാടപ്പെടുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ദലിത് പിന്നാക്കവിഭാഗങ്ങൾ വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാകുകയും സംഘടിച്ച് ശക്തരാകുകയും ജനാധിപത്യവ്യവസ്ഥയുടെ എല്ലാ രംഗങ്ങളിലും എത്തിച്ചേരുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ സാംസ്കാരികപൈതൃകം നിലനിർത്തി

ക്കൊണ്ട് കാലത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി ഭാവി കർമ്മപരിപാടികൾ കരുപ്പിടിപ്പിക്കുവാൻ അവർക്ക് കഴിയണം. സഭ കൂടുതൽ ഉത്തരവാദിത്വത്തോടെ ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യവും പ്രതിജ്ഞാബദ്ധതയും നവീകരിക്കണം. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ ദലിത് ക്രൈസ്തവർ ഒറ്റപ്പെട്ടുപോകാതെ വിവിധ സഭാസമൂഹങ്ങൾ ഒരുമിച്ചുനിന്നുകൊണ്ട് അവരോടൊപ്പം പോരാടണം. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ ഒരവയവത്തിന്റെ വേദന എല്ലാവരുടേതുമാകണം. അപ്രധാനമെന്നോ ബലഹീനമെന്നോ കരുതപ്പെടുന്നവർക്ക് കൂടുതലായി പ്രത്യേക കരുതലും പരിഗണയും ലഭ്യമാക്കണം (1 കൊറി 12: 12-26) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് ശക്തിപകരട്ടെ. സഭാ സംവിധാനങ്ങളിലെ ഉത്തരവാദിത്വങ്ങളിൽ പൂർണമായ പങ്കാളിത്തം ദലിത് സഹോദരങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. പൊതുസമൂഹത്തിന്റെ ഇതരരംഗങ്ങളിൽ മികവുറ്റ സംഭാവനകൾ നല്കാൻ അവരെ പ്രാപ്തരാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതിനാവശ്യമായ സമ്പത്ത് ശേഖരിച്ച് നല്കാനും സഭാ സ്ഥാപനങ്ങളിൽ പരിശീലനപരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് പ്രോത്സാഹനവും ശക്തിയും പകർന്നു നല്കുവാനും സഭ സന്നദ്ധമാകണം. വിശ്വാസത്തിലുറച്ചുനിന്ന് സഭയിൽ ലഭ്യമാകുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സ്വത്വബോധത്തോടെ വളരാനും സഭയെയും സമുദായത്തെയും ഒരുപോലെ വളർത്താനും ദലിത് ക്രൈസ്തവർ മുന്നോട്ടുവരാൻ ശ്രദ്ധിക്കുകയും ചെയ്യണം. സഭയുടെ ഔദ്യോഗിക ദലിത് കത്തോലിക്കാസംഘടനയായ ഡിസിഎംഎസ് (ദലിത് കത്തോലിക്കാ മഹാജനസഭ)യിൽ അംഗമായി ചേർന്ന് സജീവമായി പ്രവർത്തിക്കാനും സഭാംഗങ്ങളായ എല്ലാ ദലിത് ക്രൈസ്തവരോടും അഭ്യർത്ഥിക്കുന്നു.

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ ആഹ്വാനപ്രകാരം സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ ആയി ആചരിക്കുകയാണ്. 2016 ആഗസ്റ്റ് 21-ന് നമ്മുടെ എല്ലാ രൂപതകളിലെ ഇടവകകളിലും ദലിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പ്രത്യേകപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പ്രാർത്ഥനാശുശ്രൂഷകൾ, ബോധവത്ക്കരണക്ലാസ്സുകൾ, പ്രതിഷേധപ്രകടനങ്ങൾ, ദലിത്ക്രൈസ്തവകൂട്ടായ്മകൾ, ക്ഷേമപ്രവർത്തനങ്ങളുടെ വിതരണം തുടങ്ങിയ കർമ്മപരിപാടികൾ ഇവയിൽ ഉൾപ്പെടുത്താവുന്നതാണ്. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC SC/ST/BC കമ്മീഷന് നല്കേണ്ടതാണ്. കരുണയുടെ ജൂബിലി വർഷത്തിൽ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക 6:36) എന്ന യേശുനാഥന്റെ തിരുവചനം ദലിതരോട് നമ്മൾ കാണിക്കുന്ന കാരുണ്യമായി സാക്ഷാത്ക്കരിക്കപ്പെടട്ടെ. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025